**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3804 — 21.06.2018 ൽ മറുപടിക്ക്

**പരമ്പരാഗത വ്യവസായമേഖലയുടെ ഉന്നമനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) നോട്ടുനിരോധനവും ജി.എസ്.ടി.യും (എ) പരമ്പരാഗത വ്യവസായ മേഖലയെ എപ്രകാരം ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | നോട്ടു നിരോധനവും ജി.എസ്.ടിയും സാമ്പത്തിക മേഖലകളിൽ സൃഷ്ടിച്ച ആഘാതം പരമ്പരാഗത മേഖലയെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ അസംസ്കൃത വസ്തുക്കളുടെ വിലയിലും കൈത്തറി ഉൽപ്പന്നങ്ങളുടെ വിലയിലും ഉണ്ടായ വ്യതിയാനം ഈ മേഖലയുടെ പ്രവർത്തനങ്ങളിൽ പ്രതിബന്ധങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ജി.എസ്.ടി നടപ്പാക്കിയ ശേഷം ഹാൻവീവിന്റേയും ഹാന്റെക്സിന്റേയും വിൽപ്പന കുറഞ്ഞതായും കാണുന്നു. കരകൗശല ഉൽപ്പന്നങ്ങളുടെമേൽ ജി.എസ്.ടി ഏർപ്പെടുത്തിയത് ഈ മേഖലയിൽ പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. നേരത്തേ 5% മാത്രം നികുതി നിരക്കായിരുന്ന വിവിധ കരകൗശല ഉൽപ്പന്നങ്ങൾക്ക് ജി.എസ്.ടി പ്രകാരം 28%വരെ നികുതി നൽകേണ്ടിവരുന്നു. ഇരുപത് ലക്ഷം രൂപ വരെ വാർഷിക വിറ്റുവരവുള്ള കരകൗശല ഉൽപ്പന്നങ്ങൾക്ക് ജി.എസ്.റ്റി ബാധകമല്ലാത്തതിനാൽ കരകൗശല മേഖലയിൽ പ്രവർത്തിക്കുന്ന ചെറിയ യൂണിറ്റുകളെ ജി.എസ്.ടി ബാധിക്കുന്നില്ല. എന്നാൽ ഈ മേഖലയിലെ സംസ്ഥാനതല സ്ഥാപനങ്ങളായ കരകൗശല വികസന കോർപറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ, സുരഭി എന്നിവ ജി.എസ്.റ്റിയുടെ പരിധിയിൽ വരുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ വഴി ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്ന കരകൗശല തൊഴിലാളികളെ ഇത് പരോക്ഷമായി ബാധിക്കുന്നുണ്ട്. ഇത് വിൽപ്പനയേയും ലാഭ ക്ഷമതയേയും സാരമായി ബാധിച്ചിട്ടുണ്ട്. നോട്ടു നിരോധനവും ജി.എസ്.ടിയും പരമ്പരാഗത കശുവണ്ടി മേഖലേയും സാരമായി |

| | |
|---|---|
| | ബാധിച്ചിട്ടുണ്ട്. തോട്ടണ്ടിയുടെ വിലവർദ്ധനവും ഇറക്കുമതി ചുങ്കവും ഈ മേഖലയെ ഒരു പരിധി വരെ ബാധിച്ചിട്ടുണ്ട്. |
| (ബി) സാമ്പത്തിക മാന്ദ്യം മൂലം പ്രതിസന്ധിയിലായ ഈ മേഖലയുടെ ഉന്നമനത്തിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും ഈ മേഖലയുടെ ഉന്നമനത്തിനുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br>കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധികവേതനവും കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനുമായി സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. ഏകദേശം 4000 നെയ്ത്തുതൊഴിലാളികളും അതിലിരട്ടി യോളം അനുബന്ധ തൊഴിലാളികളും ഈ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. ഈ പദ്ധതിയിലൂടെ ഇവർക്ക് ഒരു സ്ഥിര വരുമാനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാകുന്നു. ഒരു വീട്ടിൽ ഒരു തറി പദ്ധതിയും യുവവീവ് പദ്ധതിയും കൈത്തറി മേഖലയിലേക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിന് ലക്ഷ്യമിട്ട് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളാണ്.<br>കരകൗശല വികസന കോർപറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ, കേരള സംസ്ഥാന ബാംബൂ കോർപറേഷൻ, കെൽപാം എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേനയും അപെക്സ് സഹകരണ സ്ഥാപനമായ സുരഭി വഴിയും കരകൗശല മേഖലയെ പരിപോഷിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നു. കരകൗശല മേഖലയിൽ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 'ആഷ' എന്ന പദ്ധതി, കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, കരകൗശല മേഖലയിലെ അപെക്സ് സ്ഥാപനങ്ങൾക്കുള്ള ധനസഹായ പദ്ധതി, കരകൗശല മേഖലയിലെ വിദഗ്ധർക്കുള്ള വാർദ്ധക്യകാല പെൻഷൻ പദ്ധതി, കരകൗശല മേഖലയിലെ വ്യവസായ സഹകരണ സംഘങ്ങൾക്ക് ധനസഹായം, കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ |

നൽകുന്ന പദ്ധതി തുടങ്ങിയവ നടപ്പാക്കി വരുന്നു. മുളകൊണ്ടുള്ള വിവിധ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി ബാംബൂ ഇന്നൊവേഷൻ സെന്ററും മുള സംസ്കരിച്ച് ഫർണീച്ചർ നിർമ്മിക്കുന്നതിനായി ഇംപ്രഗ്നേഷൻ യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് നൽകുന്ന പനമ്പിന്റെ വില വർദ്ധിപ്പിക്കുകയും പനമ്പ് നെയ്ത്തുതൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തു.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ ശാരീരിക ആയാസം കുറഞ്ഞ ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി, ഉത്സവബത്ത, ഉല്പാദന ഇൻസെന്റീവ് മുതലായവ ഏർപ്പെടുത്തൽ, അധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്നതരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടുകൂടി വർക്ക്ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിൽ പരിശീലനം, സ്ട്രീറ്റ് വീവിംഗ്, ഖാദിഗ്രാമം പദ്ധതി, സംസ്ഥാന സർക്കാർ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതിവഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്ക് പകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ തുടങ്ങിയവ നടപ്പാക്കിവരുന്നു.

പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി അഭിസംബോധന ചെയ്യുന്നതിന്റെ ഭാഗമായി കേരള കാഷ്യൂബോർഡ് എന്ന പേരിൽ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിച്ചിട്ടുള്ളതാണ്.

പരമ്പരാഗത കയർ മേഖലയിൽ കയർ ഭൂവസ്ത്ര വികസന പരിപാടി, കയർ കോ-ഓപറേറ്റീവ് സപ്പോർട്ട് സ്കീം, മാനേജീരിയൽ സബ്സിഡി, എൻ.സി.ഡി.സി പദ്ധതി, കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി, കയർ സഹകരണ സംഘങ്ങൾക്ക്

അടിസ്ഥാന സൗകര്യ വികസനത്തിന് ധനസഹായം, കയറും കയറുൽപ്പന്നങ്ങളുടേയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം, കയർമേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ, ഉല്പാദനവും പ്രചോദനവും പദ്ധതി, വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി, കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി, കയർ സഹകരണ സംഘങ്ങളിൽ സർക്കാർ ഓഹരി പങ്കാളിത്തം, കയർപിരി / ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി, കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി തുടങ്ങിയവ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ